# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.160/PR/PIC/PHQ/18 Date : 29.06.2018

---

**പോലീസ് യൂണിഫോറത്തിന്റെ ഏകീകരണം.**

പോലീസ് ഉദ്യോഗസ്ഥരുടെ യൂണിഫോറത്തിനായി ഒരു പ്രത്യേക കമ്പനിയുടെ തുണി വാങ്ങാൻ ക്യാന്റീനുകൾക്ക് പോലീസ് ആസ്ഥാനത്തു നിന്ന് നിർദ്ദേശം നല്കി എന്ന തരത്തിൽ ചില വാർത്തകൾ വന്നത് വസ്തുത വിരുദ്ധമാണ്.

നിലവിൽ പോലീസ് സേനയിൽ വിവിധ റാങ്കുകളിൽ ഉള്ള ഉദ്യോഗസ്ഥർ പല നിറങ്ങളിലും, ഷെയിഡുകളിലും ഉള്ള കാക്കിത്തുണി യൂണിഫോം ആയി ഉപയോഗിക്കുന്നതിൽ അനൗചിത്യം ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ ഏകീകൃതമായ നിറത്തിലും ഗുണത്തിലുമുള്ള യൂണിഫോം നിലവിൽ വരുത്തുന്നതിനായി, യൂണിഫോറത്തിനായി ഉപയോഗിക്കേണ്ട തുണിയുടെ ഗുണനിലവാര മാനദണ്ഡം കേരള സംസ്ഥാന ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള (CARDT) സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽസിനെ കൊണ്ട് പരിശോധന നടത്തി തയ്യാറാക്കുകയുണ്ടായി. ഈ മാനദണ്ഡങ്ങൾ കേരള പോലീസ് വെബ്സൈറ്റിൽ നല്കിയിട്ടുണ്ട്. ഈ സ്പെസിഫിക്കേഷൻ ഉള്ള ഏതു കമ്പനിയുടെ യൂണിഫോറവും പോലീസ് ഉദ്യോഗസ്ഥർക്ക് ധരിക്കാവുന്നതാണ്. ഇത് എളുപ്പത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി പോലീസ് ക്യാന്റീനുകളിൽ സ്പെസിഫിക്കേഷൻ പ്രകാരം അനുയോജ്യമായി വന്നവർക്ക് മാത്രം അനുമതി നല്കിയിട്ടുണ്ട്. ഇപ്രകാരം അനുമതി നല്കിയത് ക്യാന്റീനുകളുടെ സെൻട്രൽ പർച്ചേസ് കമ്മറ്റിയാണ്, സംസ്ഥാന പോലീസ് മേധാവിയല്ല. ഇത്തരത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള രണ്ട് സ്ഥാപനങ്ങൾക്ക് ഇപ്രകാരം സെൻട്രൽ പർച്ചേസ് കമ്മറ്റി അനുമതി നല്കിയിട്ടുണ്ട്. ഇവർക്ക് പ്രസ്തുത നിറത്തിലും ഷെയിഡിലുമുള്ള ഏതു കമ്പനിയുടെ തുണി വേണമെങ്കിലും നല്കാവുന്നതാണ് മാത്രവുമല്ല, അനുയോജ്യമായ സ്പെസിഫിക്കേഷനുമായി സെൻട്രൽ പർച്ചേസ് കമ്മറ്റിക്ക് അപേക്ഷ നല്കുന്ന ഏതു സ്ഥാപനങ്ങൾക്കും പോലീസ് ക്യാന്റീനുകൾ വഴി തുണി വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഒരു പ്രത്യേക കമ്പനിയുടെ തുണി ഉപയോഗിക്കണമെന്നാവശ്യപ്പെട്ട് യാതൊരുവിധ നിർദ്ദേശങ്ങളും പോലീസ് ആസ്ഥാനത്ത് നിന്ന് നല്കിയിട്ടില്ല. പോലീസ് ഉദ്യോഗസ്ഥർ ക്യാന്റീനുകളിൽ നിന്നു തന്നെ തുണി വാങ്ങണമെന്ന് നിർബന്ധവുമില്ല. നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള തുണി എവിടെ നിന്നും അവർക്ക് വാങ്ങാവുന്നതാണ്.

********